**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 439** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്കുള്ള സഹായം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പി. കെ. നവാസ്

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. പി. കെ. ഫിറോസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

**<u>മറുപടി:</u>** സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിലെ പൊതുവായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തെ പിന്തുണയ്ക്കുന്നതിനും അതുവഴി അവയുടെ മൊത്തത്തിലുള്ള പ്രവർത്തന ക്ഷമത മെച്ചപ്പെടുത്തുന്നതിനും നിക്ഷേപകരുടെ ആകർഷണം വർദ്ധിപ്പിക്കുന്നതിനും വ്യാവസായിക ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനുമായി ₹200.00 ലക്ഷം മുതൽ ₹1000.00 ലക്ഷം വരെ സാമ്പത്തിക സഹായം വാഗ്ദാനം ചെയ്യുന്ന ഒരു പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

വ്യവസായ അനുമതികളും ക്ലിയറൻസുകളും ഏകജാലക സംവിധാനത്തിലൂടെ സമയബന്ധിതമായി ലഭ്യമാക്കുന്ന K-SWIFT പോർട്ടൽ, MSME-കൾക്ക് വാർഷിക ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50% (പരമാവധി ₹5000) വരെ റീഇംബേഴ്സ്മെന്റ് അനുവദിക്കുന്ന MSME ഇൻഷ്വറൻസ് പദ്ധതി, സംരംഭകരുടെ ശേഷി വികസനത്തിന് ഉതകുന്ന സംരംഭക പിന്തുണ സംവിധാനങ്ങളായ MSME ക്ലിനിക് പദ്ധതി, RAMP പദ്ധതി, ഭൂമി ദൗർലഭ്യം പരിഹരിക്കുന്നതിന് ഉതകുന്ന കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്, സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി എന്നിവയിലൂടെ സംരംഭകർക്ക് സഹായം ലഭിക്കുന്നുണ്ട്.

കൂടാതെ, സർക്കാർ നയങ്ങൾക്കും, ലഭ്യമായ ധനസ്രോതസ്സുകൾക്കും അനുസൃതമായി സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയ്ക്ക് ആവശ്യമായ പുതിയ ധനസഹായ പദ്ധതികൾ ആവിഷ്കരിക്കുന്നതും നിലവിലുള്ള പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതുമാണ്. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (MSME) ആരംഭിക്കാൻ ഉദ്ദേശിക്കുന്നവർക്ക് നിലവിൽ നൽകി വരുന്ന സാമ്പത്തിക സഹായ പദ്ധതികളായ സംരംഭക സഹായ പദ്ധതി (ESS), ചെറുകിട സംരംഭങ്ങൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി, കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ), പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി [പി എം ഇ ജി പി] എന്നീ പദ്ധതികളും നിലവിലുണ്ട്.

**(ബി)** പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതോടുകൂടി എത്ര കോടി രൂപയുടെ നിക്ഷേപം സമാഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2026-27 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഐ.ഡി.സി.യുടെ വായ്പാ സഹായത്തോടെ ആരംഭിക്കുന്ന പുതിയ വ്യവസായ സംരംഭങ്ങളിലൂടെ സംസ്ഥാനത്ത് ഏകദേശം 903.57 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതോടെ ഏകദേശം 3274 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും പ്രതീക്ഷിക്കുന്നു.

**(സി)** പുതുതായി എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**